


# യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയപ്രവേശനം

പുറ. 15: 1 – 3:11 – 15, 20 – 21; ഏശയ്യാ 62: 10 – 12, 63: 1 – 4; ഗലാ. 4: 12 – 20; ലൂക്കാ 19: 28 – 40

ബ്ര. ജിബിൻ ജോസഫ് താക്കോൽക്കാരൻ

Vol. 12, Issue: 47

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ പ്രിയ സഹോദരങ്ങളേ,

നോമ്പുകാലത്തിലെ അതിപ്രധാന ആഴ്ചയിലേക്ക് കടക്കുന്ന നമുക്ക് ഇന്ന് തിരുസഭാ മാതാവ് വിചിന്തനത്തിനായി നൽകിയിരിക്കുന്നത് യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയപ്രവേശനമാണ്.

ക്രിസ്തു എന്ന ആത്മീയരാജാവ് ജറുസലേം നഗരത്തിലേക്ക് വിജയശ്രീലാളിതനായി പ്രവേശിച്ച പുണ്യദിനമാണ് ഓശാനത്തിരുന്നാൾ. പാപത്തിന്റെ അടിമത്വത്തിൽ നിന്നുള്ള മാനവരാശിയുടെ മോചകനായി സ്നേഹപ്രമാണങ്ങളിലധിഷ്ഠിതമായ ഒരു ജീവിതശൈലി രൂപപ്പെടുത്താൻ യുദ്ധവീരന്മാരായ രാജാക്കാന്മാരിൽ നിന്നു വ്യത്യസ്തനായി ഒരു സാർവ്വത്രികരക്ഷ വാദ്ഗാനം ചെയ്ത് ഒരു സമാധാനാരാജാവായി ഒരു കഴുതക്കുട്ടിയുടെ പുറത്ത് ദൈവപുത്രൻ ആഗതനായ പുണ്യദിനം. ഈ സുദിനത്തിന്റെ എല്ലാ മംഗളങ്ങളും ഒത്തിരി സ്നേഹത്തോടെ നേരുന്നു.

യേശുവിന്റെ രാജകീയപ്രവേശനത്താൽ ആഹ്ലാദചിത്തരായ ശിഷ്യഗണം അവിടുത്തെ അത്ഭുതപ്രവർത്തികളെപ്പറ്റി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുന്നതായി നാം കാണുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് തങ്ങളെ അത്ഭുതകരമായി വിമോചിപ്പിച്ച കർത്താവിനെ സ്തുതിച്ചുകൊണ്ട് മൂശെയും ഇസ്രായേൽ ജനം മുഴുവനും ആലപിച്ച കൃതജ്ഞതാഗീതമാണ് നാം വായിച്ചുകേട്ടത്. ഫറവോയുടെ രഥങ്ങളെയും സൈന്യങ്ങളെയും ചെങ്കടലിലാഴ്ത്തുകയും ഇസ്രായേലിനെ രക്ഷിക്കുകയും ചെയ്ത ശക്തനായ ദൈവത്തെ തപ്പുകളാലും നൃത്തച്ചുവടുകളാലും അവർ പാടിസ്തുതിക്കുന്നു. ഇസ്രായേൽ ജനം കർത്താവിനെ സ്തുതിച്ചതിന്റെ സമാനമായാണ് ശിഷ്യഗണം ഈശോയെ ഓർശ്ലേമിലേക്ക് സ്തുതിഗീതങ്ങളോടെ എതിരേറ്റത്.

രണ്ടാം വായനയായ ഏശയ്യായുടെ പുസ്തകം രക്ഷയുടെ ആഗമനത്തെക്കുറിച്ച് സീയോൻപുത്രിയോട് പ്രഘോഷിക്കാൻ ഏശയ്യാ പ്രവാചകൻ ആഹ്വാനം ചെയ്യുന്ന ഭാഗങ്ങളാണ്. സീയോൻ പുത്രിയോടു പറയുക: "ഇതാ നിന്റെ രക്ഷ വരുന്നു" എന്ന പ്രവാചകമൊഴി ഈശോമിശിഹാ ഓർശ്ലേം പ്രവേശനത്തിലൂടെ പൂർണ്ണമായി നിറവേറ്റിയിരിക്കുകയാണ്.

മൂന്നാം വായനയിൽ പൗലോസ് ശ്ലീഹാ ഗലാത്തിയായിലെ സഭയ്ക്കെഴുതിയ ലേഖനം വിവരിക്കുന്നത് ഓർശ്ലേം നിവാസികൾ മിശിഹായെ എതിരേറ്റതു പോലെയാണ് പൗലോസ് ശ്ലീഹായെ ഗലാത്തിയായിലെ സഭ എതിരേറ്റത് എന്നതാണ്.

വി. ലൂക്കായുടെ സുവിശേഷം പരിശോധിക്കുകയാണെങ്കിൽ രക്ഷാകരദൗത്യത്തിന്റെ വ്യക്തമായ പൂർത്തിയിലേക്കാണ് ജറുസലേമിലേക്കുള്ള രാജകീയപ്രവേശനം വഴിയൊരുക്കുന്നത്.

യുദ്ധം ജയിച്ചുവരുന്ന ചക്രവർത്തിമാർക്ക് സ്വന്തം നഗരത്തിൽ ലഭിക്കുന്ന വരവേൽപിനു തുല്യമായ വരവേൽപാണ് ജറുസലേം നഗരത്തിൽ പ്രവേശിച്ച യേശുവിനു ലഭിക്കുന്നത്. പേർഷ്യൻ ചക്രവർത്തിമാരുടെ പ്രതാപമോ, റോമൻ ചക്രവർത്തിമാരുടെ സൈന്യബലമോ യേശുവിന് സ്വർഗനഗരത്തിന്റെ പ്രതീകമായി ജറുസലേം നഗരത്തിൽ പ്രവേശിച്ചപ്പോൾ ഉണ്ടായിരുന്നില്ല. എങ്കിൽപ്പോലും അന്ന് നഗരത്തിലുണ്ടായിരുന്ന 25 ലക്ഷത്തോളം വരുന്ന സാധാരണക്കാരുടെ പിന്തുണ ഈ കഴുതപ്പുറത്തു വരുന്നവന് ഉണ്ടായിരുന്നു. ആഘോഷത്തിമിർപ്പിൽ ഒലിവുചില്ലകൾ കൈകളിലേന്തി, മരച്ചില്ലകളാലും വസ്ത്രങ്ങളാലും രാജവീഥിയുണ്ടാക്കി ജനം അവന്റെ ചുറ്റും നടന്ന് വിളിച്ചുപറഞ്ഞു 'ദാവീദിന്റെ പുത്രന് ഓശാന.'

ആകെപ്പാടെ ആഘോഷത്തിന്റെ അന്തരീക്ഷം. പക്ഷേ, അവന്റെ ചുറ്റും കൂടിയ ജനത്തിന്റെ മാനസീകാവസ്ഥ. ഉത്ഭവം മുതൽ ഒരിക്കൽപ്പോലും പൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കാതെപോയ ജനത്തിന്റെ നെടുവീർപ്പുകളായിരുന്നു. അബ്രാഹത്തിന്റെ വിശ്വാസത്താൽ, പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട്, യാക്കോബിന്റെ പന്ത്രണ്ടു മക്കൾ നിന്നു പെരുകി വർദ്ധിച്ച്, അടിമത്വത്തിലും വിമോചനത്തിലും പ്രതീക്ഷ കൈവിടാതെ, തകർച്ചകൾ മുന്നിൽ കണ്ട് വഴി നടത്തപ്പെട്ട ഒരു ജനത്തിന്റെ ഹൃദയത്തിൽ നിന്നും ഉയർന്ന ഹോസാന വിളി. 'ഹോസിയാന' എന്ന ഹീബ്രു പദത്തിന്റെ അർത്ഥം 'കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ', 'കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ' എന്നൊക്കെയാണ്.

ഇന്നും കൈകളിൽ കുരുത്തോലയുമായി യേശുവിന് ഹോസാന പാടി, ജറുസലേം നഗരത്തിൽ 2000 വർഷങ്ങൾക്കു മുമ്പ് യേശുവിന് ഹോസാന പാടി ദൈവാലയത്തിൽ പ്രവേശിച്ച യഹൂദജനതയ്ക്ക് ഉണ്ടായിരുന്നതിലും ഏറെ പ്രശ്നങ്ങൾ നമ്മെയും കാർന്നുതിന്നുന്നുണ്ട്. ഒരു വശത്ത് കോവിഡും മറുവശത്ത് പ്രകൃതി ദുരന്തങ്ങളും അതോടൊപ്പം തന്നെ ഭീകരവാദവും യുദ്ധങ്ങളും മതപീഡനങ്ങളും. മക്കളാൽ ഉപേക്ഷിക്കപ്പെട്ടതും അവഗണിക്കപ്പെട്ടതുമായ മാതാപിതാക്കളുടെ രോദനവും, പങ്കാളിയിൽ നിന്ന് അനുഭവിക്കുന്ന വേദനയും ലക്ഷ്യബോധമില്ലാതെ അലയുന്ന യുവജനങ്ങളുടെ അന്വേഷണങ്ങളും വഞ്ചിക്കപ്പെട്ട കൗമാരങ്ങളുടെ സ്നേഹത്തിനുള്ള അലച്ചിലുമെല്ലാം ഇന്നത്തെ ഓശാനവിളികളോടൊപ്പം ഉന്നതങ്ങളിലേക്ക് ഉയരുന്നുണ്ട്. നാം അനുഭവിക്കുന്ന അവഗണനകളും നൊമ്പരങ്ങളുമെല്ലാം രാജകീയജയഘോഷങ്ങൾക്ക് ഈണം പകരുന്നത് ശ്രദ്ധിച്ചാൽ കേൾക്കാൻ കഴിയും.

യേശു തങ്ങളെ അനുഗമിച്ചവരെ ദൈവാലയത്തിലേക്ക് ആനയിക്കുന്നു. എല്ലാ പ്രശ്നങ്ങളുടെയും നൊമ്പരങ്ങളുടെയും കാരണം ദൈവാലയത്തെ മലിനമാക്കുമ്പോഴാണ്. നമ്മുടെ ഹൃദയമാകുന്ന ദൈവാലയം, നമ്മുടെ കുടുംബമാകുന്ന ദൈവാലയം, സഭയാകുന്ന ദൈവാലയം. വിശുദ്ധമായിരിക്കേണ്ടവ മലിനമാക്കപ്പെടുമ്പോൾ അവിടെ പ്രശ്നങ്ങളും നൊമ്പരങ്ങളും പൊട്ടിമുളയ്ക്കും. നന്മയുള്ള ഹൃദയത്തോടെ ഹോസാന വിളികളോടെ നമുക്ക് ക്രിസ്തുവിലേക്ക് തിരിച്ചു നടക്കാം. അവിടെ നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ട്.

പ്രിയസഹോദരങ്ങളേ, ഈ വിശുദ്ധ ബലിയിൽ നമുക്ക് ഏറ്റുചൊല്ലി പ്രാർത്ഥിക്കാം, ബലവാനും കർത്താവുമായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. അവിടുത്തെ മഹത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഹോസാന, ദാവീദിന്റെ പുത്രന് ഹോസാന, കർത്താവിന്റെ നാമത്തിൽ വന്നവനും വരാനിരിക്കുന്നവനുമായവൻ അനുഗ്രഹീതനാകുന്നു. ഉന്നതങ്ങളിൽ ഹോസാന.

ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ, ആമ്മേൻ.